## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2413, 09/12/2014-ലെ മറുപടിക്ക്

### ഉഴവൂർ സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>ധനകാര്യവും, നിയമവും,<br>ഭവന നിർമ്മാണവും വകുപ്പ്മന്ത്രി |
|---|---|---|---|
| (എ) | ഉഴവൂർ സബ് ട്രഷറിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് LAC -ADF വഴി നിർമ്മാണം നടത്തുന്നതിന് ട്രഷറി വകുപ്പിന്റെ അനുമതിയ്ക്കായി ഇപ്പോൾ നിലവിൽ ട്രഷറി ഡയറക്ടറേറ്റിലുള്ള ഫയൽ നം. 8085/എ 1/2013 എന്ന ഫയലിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | : | ട്രഷറി ഡയറക്ടറുടെ 8085/എ 1/2013 നമ്പർ ഫയലിന്മേലുള്ള റിപ്പോർട്ട് 06/12/2014 ൽ ധനവകുപ്പിൽ ലഭിക്കുകയുണ്ടായി. ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കോട്ടയം ജില്ലാ ട്രഷറി ഓഫീസിൽ നിന്നും ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; | : | റിപ്പോർട്ട് ട്രഷറി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പഴയ ട്രഷറി ബിൽഡിംഗ് പൊളിക്കുന്നതിനുള്ള അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് 2010/2014/VIP/ Min(Fi&L) നമ്പർ പെറ്റീഷനിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | : | 2010/2014/VIP/Min(Fi&L) നമ്പർ പെറ്റീഷന്മേലുള്ള ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് 06/12/2014 ൽ ധനവകുപ്പിൽ ലഭിക്കുകയുണ്ടായി. സ്ട്രോംഗ് റൂം, സെർവ്വർ റൂം, കൗണ്ടറുകൾ, കമ്പ്യൂട്ടറുകളുടെ പ്രവർത്തനത്തിനാവശ്യമായ ഇലക്ട്രിക്കൽ, നെറ്റ് വർക്ക് കേബിളിങ്ങ് മുതലായ ഭൗതിക സാഹചര്യങ്ങളോടു കൂടിയതും, അനുയോജ്യമായ വിസ്തൃതിയുള്ളതുമായ കെട്ടിടം ഇടപാടുകാർക്കു കൂടി സൗകര്യപ്രദമായ സ്ഥലത്ത് പഞ്ചായത്ത് ചെലവിൽ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. . |

അക്കൗണ്ട്സ് ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

നമ്പർ എ1/568/2013.

ജില്ലാ ട്രഷറി, പാലാ,
തീയതി:-01-11-2014.

പ്രേഷകൻ
ജില്ലാ ട്രഷറി ആഫീസർ,
പാലാ.

സ്വീകർത്താവ്
ട്രഷറി ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- ഉഴവൂർ സബ് ട്രഷറി കെട്ടിടം നവീകരിക്കുന്നതിന്റെ ആവശ്യകത – സംബന്ധിച്ച്.

സൂചന:- 1.ബഹു. ട്രഷറി ഡയറക്ടറുടെ 16-10-2014-ലെ എ1/8085/2013-ാം നമ്പർ കത്ത്.
2.അസി. എഞ്ചിനീയർ കെട്ടിട വിഭാഗം, പാലായുടെ 31-10-2014-ലെ BP24/14 കത്ത്.

പരാമർശിത വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്ട്രോംഗ് റൂം, സെർവർ റൂം, കൗണ്ടറുകൾ, കമ്പ്യൂട്ടറുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ഇലക്ട്രിക്കൽ, നെറ്റ് വർക്ക്, കേബ്ലിംഗ് മുതലായ ഭൗതിക സാഹചര്യങ്ങളോട് കൂടിയ 4000 സ്ക്വയർ അടി വിസ്തൃതിയുള്ള കെട്ടിടം ഇടപാടുകാർക്ക് കൂടി സൗകര്യപ്രദമായ സ്ഥലത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് പഞ്ചായ ത്തിന്റെ ചിലവിൽ സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിക്കുന്നു. സൂചന 2 പ്രകാരം സബ് ട്രഷറി നവീകരണത്തിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചതായും ഉടൻ നവീകരണ ജോലികൾ ആരംഭിക്കുമെന്നും അസി. എഞ്ചിനീയർ കെട്ടിട വിഭാഗം, പാലാ അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ കാലതാമസം കൂടാതെ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വാടകകെട്ടിടം പഞ്ചായത്ത് ലഭ്യമാക്കുകയാണെങ്കിൽ ടി നവീകരണ പ്രവർത്തികൾ ആവശ്യമില്ലായെന്നും വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു

വിശ്വസ്തതയോടെ,

ജില്ലാ ട്രഷറി ആഫീസർ,
പാലാ.

True Copy

ANWAR HUSSAIN. L
Accounts Officer
Finance Department
Govt. Secretariat
Trivandrum